**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വൈമാനിക പഠനത്തിന് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആധുനിക തൊഴിൽമേഖലയുടെ ആവശ്യത്തിനനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആധുനിക തൊഴിൽമേഖലയുടെ ആവശ്യത്തിനനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വികസനത്തിനായി അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലില്ലായ്മ പരിഹരിച്ച് സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പ് വരുത്തി സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു<br><br>കൂടാതെ നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.<br><br>പട്ടികവർഗ്ഗസങ്കേതങ്ങളിലെ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് നഷ്ടപ്പെട്ടവർക്ക് തുടർ വിദ്യാഭ്യാസ പരിപാടി എന്ന നിലയിലും സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യം വെച്ചും അവർക്കായി കെട്ടിട നിർമ്മാണ മേഖലയിൽ പരിശീലനം നൽകി അവരെ ചെറു സംഘങ്ങളായി രജിസ്റ്റർ ചെയ്ത് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട്. |
| (ബി) | ഇവർക്കായി വൈമാനിക പഠനത്തിന് പ്രത്യേക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പഠനത്തിനായി ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങൾക്ക് സഹായ പദ്ധതിയുടെ ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ കൊമേഷ്യൽ പൈലറ്റ് കോഴ്സിന് ഓരോ വർഷവും പ്രവേശനം ലഭിക്കുന്ന 3 പട്ടികജാതി, 2 പട്ടികവർഗ്ഗ, 1 ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 'വിങ്സ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | വൈമാനിക പഠനത്തിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളും സഹായങ്ങളുമാണ് ലഭ്യമാക്കുന്നത്; കോഴ്സിന്റെ മുഴുവൻ തുകയും വകുപ്പ് ഏറ്റെടുക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയിൻകീഴിൽ വൈമാനിക പഠനം പൂർത്തീകരിച്ചവരുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ടി കോഴ്സിന് കോഷൻ ഡെപ്പോസിറ്റ്, പി.ടി.എ ഫണ്ട് ഒഴികെയുള്ള എല്ലാ ഫീസാനുകൂല്യങ്ങളും അനുവദിക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾ വകുപ്പിന്റെ സഹായത്തോടെ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റാർഹ വിഭാഗത്തിൽ 2 പേർ നിലവിൽ പരിശീലനം |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. വിങ്സ് പദ്ധതി ആവിഷ്കരിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ്. ടി. പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിച്ചുവരുന്ന വിദ്യാർത്ഥികളുടെ പരിശീലനം നിലവിൽ അക്കാഡമിയിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ